"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള നിലത്തെഴുത്താശാൻ സംഘടന ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 13803/2024 ലെ കേസിലെ 04-04-2024 ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1095/2024/LSGD തീയതി,തിരുവനന്തപുരം, 20-06-2024

---

പരാമർശം:-

1. WP(C) No.13803/2024 മേൽ ബഹു. കേരള ഹൈക്കോടതി 04-04-2024 ന് പുറപ്പെടുവിച്ച വിധിന്യായം.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 29.05.2024 തീയ്യതിയിലെ LSGD/PD/ 11278/2024-DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

കേരള നിലത്തെഴുത്താശാൻ സംഘടന ജനറൽ സെക്രട്ടറി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13803/2024-ന്റെ 04-04-2024 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ സമർപ്പിച്ച Expt P5 നിവേദനത്തിലെ ആവശ്യം ഹർജിക്കാരനെ നേരിൽ കേട്ട് തീർപ്പാക്കുന്നതിനായി ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. നിലത്തെഴുത്താശാൻ ഗ്രാന്റ് അനുവദിക്കുമ്പോൾ എല്ലാ പഞ്ചായത്തുകളും, നഗരസഭകളും സംഘടനയുടെ ലെറ്റർ ഹെഡിലുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് അനുവദിക്കണമെന്ന് നിർദ്ദേശം നൽകണമെന്നതാണ് Expt P5 ലെ ആവശ്യം.

04-04-2024 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 29-05-2024ൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ഹർജിക്കാരനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ടിയാൻ താഴെപ്പറയും പ്രകാരം ബോധിപ്പിക്കുകയുണ്ടായി.

"കേരള നിലത്തെഴുത്താശാൻ സംഘടന സർക്കാർ അംഗീകൃത സംഘടനയാണെന്നും നിലത്തെഴുത്താശാൻ/ആശാട്ടിമാർക്ക് ആദ്യ കാലഘട്ടത്തിൽ ടി സംഘടനയുടെ letter head ൽ ഉള്ള സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് അനുവദിച്ചിരുന്നതെന്നും

എന്നാൽ ഇപ്പോൾ നിലത്തെഴുത്താശാൻ/ആശാട്ടിമാർ സമർപ്പിക്കുന്ന അപേക്ഷയും, കുട്ടികളുടെ ഹാജർ പട്ടികയും, ബന്ധപ്പെട്ട വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും ഹാജരാക്കിയതിന് ശേഷമാണ് ഗ്രാന്റ് അനുവദിക്കുന്നതെന്നും ടിയാൻ അറിയിക്കുകയുണ്ടായി. ഇപ്പോൾ വെള്ളക്കടലാസ്സിൽ അപേക്ഷ എഴുതി വാങ്ങി അനർഹർക്ക് ഗ്രാന്റ് നൽകുന്നുവെന്നും, ഗ്രാന്റ് നൽകാൻ 10 നിർദ്ദേശങ്ങൾ സർക്കാർ നൽകിയെങ്കിലും ഇതൊന്നും പാലിക്കാതെ സംഘടനയെ അവഗണിക്കുന്നുവെന്നും, പാർട്ടി പ്രവർത്തകർ ഇടപെട്ട് പഠിപ്പിക്കാത്തവർക്ക് ഗ്രാന്റ് നൽകുന്നുവെന്നും ആയതിനാൽ ഇത് അംഗീകരിച്ച് കൊടുക്കാൻ സംഘടനയ്ക്ക് കഴിയില്ലെന്നും ടിയാൻ അറിയിക്കുകയുണ്ടായി. ആയതിനാൽ നിലത്തെഴുത്താശാൻ/ആശാട്ടിമാർ ഗ്രാന്റ് അനുവദിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ പഞ്ചായത്ത് മെമ്പറുടെ സാക്ഷ്യപത്രത്തോടൊപ്പം കേരള നിലത്തെഴുത്താശാൻ സംഘടനയുടെ letter head -ലുള്ള സാക്ഷ്യപത്രത്തിന്റെയടിസ്ഥാനത്തിൽ മാത്രം ഗ്രാന്റ് അനുവദിക്കണമെന്നപേക്ഷിക്കുന്നു."

ഈ വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കേരളത്തിലാകെ 1255 നിലത്തെഴുത്ത് ആശാൻ / ആശാട്ടിമാർ നിലവിൽ ഉള്ളത്. ഭൂരിഭാഗം ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും കേരള നിലത്തെഴുത്താശാൻ സംഘടനയുടെ സാക്ഷ്യപത്രം വാങ്ങിയിട്ടല്ല ഗ്രാന്റ് അനുവദിക്കുന്നത്. നിലത്തെഴുത്ത് ആശാൻ / ആശാട്ടിയുടെ അപേക്ഷ, ഹാജർ ബുക്കിന്റെ പകർപ്പ്, വാർഡ് മെമ്പറുടെ കത്ത് എന്നിവ പ്രകാരമാണ് ഗ്രാന്റ് അനുവദിച്ചു വരുന്നത്. മുൻസിപ്പാലിറ്റികളിൽ റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. എന്നാൽ ചുരുക്കം ചില പഞ്ചായത്തുകൾ കേരളാ നിലത്തെഴുത്ത് ആശാൻ സംഘടനയുടെ സാക്ഷ്യപത്രം കൂടി അപേക്ഷയോടൊപ്പം വാങ്ങുന്നതായി അറിയിച്ചിട്ടുണ്ട്. നിലത്തെഴുത്താശാൻ സംഘടനയുടെ സാക്ഷ്യപത്രം വഴി മാത്രം ആശാൻ ഗ്രാന്റ് അനുവദിക്കുന്നത് സംഘടനയുടെ താൽപ്പര്യങ്ങൾക്ക് വിധേയപ്പെടുന്നതിന് ഇടയാക്കുമെന്ന് ചില ഗ്രാമ പഞ്ചായത്തുകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. നിലത്തെഴുത്ത് ആശാന്മാരുടെ സംഘടനയുടെ ലെറ്റർ പാഡിൽ തയ്യാറാക്കി നല്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യം ഉചിതമല്ല. ഗ്രാൻറ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ (പഞ്ചായത്ത്/നഗരസഭ) സെക്രട്ടറിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ

തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതി തീരുമാനത്തിന്റെയും, ശുപാർശ്ശയുടെയും അടിസ്ഥാനത്തിൽ ഗ്രാൻറ് അനുവദിക്കുന്നതാവും ഉചിതം.

ടി വിഷയം ഹർജിക്കാരൻ ഹിയറിങ്ങിൽ ഉന്നയിച്ച വാദഗതികളുടെയും സമർപ്പിച്ച കുറിപ്പിന്റെയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു .ഏതെങ്കിലും ഒരു വിഭാഗത്തിന് ആനുകൂല്യം ലഭിക്കുന്നതിന് ആ വിഭാഗം രൂപീകരിച്ചിട്ടുള്ള സംഘടനയുടെ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന ഒരു വ്യവസ്ഥ കൊണ്ടുവരുന്നത് ഉചിതമാകുകയില്ല. ഒരു വിഭാഗത്തിന് ഒരു സംഘടന മാത്രമേ ആകാവൂവെന്ന വ്യവസ്ഥ നിലവിലില്ലാത്തിടത്തോളം കാലം കൂടുതൽ സംഘടനകൾ ഉണ്ടാകുമ്പോൾ പ്രായോഗികമായി ബുദ്ധിമുട്ടുകളും അനർഹർക്ക് ആനുകൂല്യം നൽകുന്ന സാഹചര്യവും ഉണ്ടാകും. വാർഡ് മെമ്പർ ഒരു ജന പ്രതിനിധിയാണെന്നുള്ളതിനാൽ തന്നെ ഈ സംഘടന ഉന്നയിക്കുന്ന ആക്ഷേപം ഗൗരവമായി കണക്കാക്കാൻ കഴിയില്ല. സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് മെമ്പറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അനുവദിച്ചു വരുന്നുവെന്നതിനാൽ നിലത്തെഴുത്താശാൻമാരുടെ കാര്യത്തിൽ മാത്രം ഇങ്ങനെയൊരു വ്യവസ്ഥ കൊണ്ട് വരുന്നത് ആനുകൂല്യങ്ങൾ ലഭിക്കുന്ന മറ്റ് വിഭാഗങ്ങളിൽ നിന്നും അവരുടെ സംഘടനകളുണ്ടെങ്കിൽ അതിന്റെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന ഒരു ആവശ്യം ഉയർന്ന് വരും. ആയതിനാൽ നിലത്തെഴുത്ത് ആശാൻ / ആശാട്ടിമാർക്ക് ഗ്രാന്റ് നൽകുമ്പോൾ കേരളാ നിലത്തെഴുത്ത് ആശാൻ സംഘടനയുടെ ലെറ്റർ ഹെഡിലുള്ള സാക്ഷ്യപത്രം കൂടി വ്യവസ്ഥ ചെയ്യണമെന്ന കേരളാ നിലത്തെഴുത്ത് ആശാൻ സംഘടനയുടെ Expt P5 ലെ ആവശ്യം നിരസിച്ച് അപ്രകാരം ബഹു. ഹൈക്കോടതിയുടെ 04-04-2024 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം)
ശ്രീ. എൻ.ജി.അരവിന്ദാക്ഷൻ, ജനറൽ സെക്രട്ടറി, കേരള നിലത്തെഴുത്താശാൻ സംഘടന, വേളാർവട്ടം, ചേർത്തല പി.ഒ - 688 524, ആലപ്പുഴ ജില്ല
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 22-06-2024 13:37:46

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്